# ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂൾ
# കോഴിക്കോട്



സ്കൂൾ മാഗസിൻ

# ഉള്ളടക്കം


സൂപ്രണ്ടിന്റെ സന്ദേശം .......... 2

ആശംസകൾ .......... 3-8

സ്കൂളിനെ കുറിച്ച് .......... 9

ലിറ്റിൽ കൈറ്റ്സ് .......... 10

എസ്.പി.സി .......... 11

ജെ.ആർ.സി .......... 12

സാങ്കേതിക വിദ്യയുടെ വിസ്മയലോകം .......... 13

പൊതുവിദ്യാലയങ്ങൾ നാടിന്റെ സമ്പത്ത് .......... 14

യാത്രയിലെ നിഴലുകൾ .......... 15

ലൈബ്രറി .......... 16

കാർമേഘം തെളിഞ്ഞപ്പോൾ .......... 17

ചാന്ദ്നി .......... 18-23

ചിത്രങ്ങൾ .......... 24-25

എഡിറ്റോറിയൽ .......... 26

# സൂപ്രണ്ടിന്റെ സന്ദേശം




" Person who never made a mistake never tried anything new"-Albert Einstein

"As an institution, our school serves as a foundational stage for individuals to discover, learn, and grow.

I'm proud to acknowledge the tireless efforts of our staff and students, whose collective endeavours have yielded impressive results in academics and co-curricular activities.

Our Annual Digital School Magazine serves as a vibrant showcase for the talents and accomplishments of our students, highlighting our journey and aspirations. This platform celebrates the growth and progress of our young scholars.

My special appreciation to the dedicated editorial team, writers and contributors who have poured their passion into  this work upholding high standards of quality and creativity.

ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂൾ വെസ്റ്റ് ഹിൽ, മാഗസിൻ സർഗ്ഗം, പ്രവർത്തനങ്ങൾക്കും, രചനകൾക്കും, എല്ലാവിധ ആശംസകളും നേരുന്നു..



**ശ്രീഹരി കെ**
എൻജിനീയറിങ് ഇൻസ്ട്രക്ടർ

പ്രിയപ്പെട്ട വിദ്യാർത്ഥികളെ,

കല എന്നത് വെറും ചിത്രങ്ങൾ വരയ്ക്കുന്നതിനോ പാട്ടുപാടുന്നതിനോ നൃത്തം ചെയ്യുന്നതിനോ മാത്രമുള്ളതല്ല; അത് നമ്മുടെ ചിന്തകളെയും വികാരങ്ങളെയും പ്രകടിപ്പിക്കാനുള്ള ഒരു മാർഗ്ഗമാണ്. കല നമ്മെ കൂടുതൽ മനുഷ്യരാക്കുന്നു, ലോകത്തെ കൂടുതൽ ആഴത്തിൽ മനസ്സിലാക്കാൻ സഹായിക്കുന്നു.

നിങ്ങളുടെ സർഗ്ഗാത്മകതയെ സ്വതന്ത്രമാക്കുക. പുതിയ കാര്യങ്ങൾ പരീക്ഷിക്കാനും, വ്യത്യസ്ത മാധ്യമങ്ങളിലൂടെ സ്വയം പ്രകടിപ്പിക്കാനും മടിക്കരുത്. ഓരോ കലാസൃഷ്ടിയും നിങ്ങളുടെ കാഴ്ചപ്പാടുകളുടെയും അനുഭവങ്ങളുടെയും ഒരു പ്രതിഫലനമാണ്.

അദ്ധ്യാപകരായ ഞങ്ങൾ നിങ്ങളുടെ ഈ കലാപരമായ യാത്രയിൽ എപ്പോഴും കൂടെയുണ്ടാകും. നിങ്ങളെ പ്രോത്സാഹിപ്പിക്കാനും, വഴി കാണിക്കാനും, പിന്തുണയ്ക്കാനും ഞങ്ങൾ എപ്പോഴും തയ്യാറാണ്. നിങ്ങളുടെ സർവ്വതോന്മുഖമായ വളർച്ചയിൽ കലയുടെ പങ്ക് വളരെ വലുതാണ് എന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

എല്ലാ ആശംസകളും!



അശോകൻ എം കെ
ഫോർമാൻ

പ്രിയപ്പെട്ട കുട്ടികളേ,

നമ്മുടെ സ്കൂളിൽ ഒരു വലിയ കലാകാരന്മാരുടെ കൂട്ടായ്മയുണ്ട്. ഈ മാഗസിൻ ആ കൂട്ടായ്മയുടെ ഹൃദയമാണ്. ഇവിടെ, ഓരോ വിദ്യാർത്ഥിയും ഒരു കലാകാരനാണ്, ഓരോ സൃഷ്ടിയും ഒരു വിലപ്പെട്ട സംഭാവനയാണ്.

നിങ്ങളുടെ കലാസൃഷ്ടികളിലൂടെ മറ്റുള്ളവരെ പ്രചോദിപ്പിക്കുക, നിങ്ങളുടെ ചിന്തകൾ പങ്കുവെക്കുക, നമ്മുടെ സ്കൂളിന്റെ കലാപരമായ അന്തരീക്ഷത്തെ സമ്പന്നമാക്കുക.

അദ്ധ്യാപകരായ ഞങ്ങൾ നിങ്ങളുടെ ഈ സംരംഭത്തിൽ പൂർണ്ണ പിന്തുണ നൽകുന്നു.

സ്നേഹത്തോടെ,



റിസ എ വി

എച്ച് എസ് എ

മനുഷ്യനന്റെ ബുദ്ധിയും ചിന്തകളും നിഷ്പ്രഭമാക്കുന്ന യന്ത്രങ്ങളും സാങ്കേതിക വിദ്യയും ഉൾക്കൊള്ളുന്ന  നിർമ്മിത ബുദ്ധിയുടെ യുഗത്തിലേക്ക് കാലെടുത്തുവെച്ച ലോകം. എഴുത്തും വായനയും പാരമ്പര്യത്തിന്റെ ജ്വലിക്കുന്ന ഓർമ്മകൾ മാത്രമല്ലെന്ന തിരിച്ചറിവോടെ ആലസ്യത്തിലേക്ക് വഴുതുമ്പോഴും മാറുന്ന കാലത്തിനൊത്ത് പരിവർത്തനം ചെയ്ത് മൂല്യം ചോർന്ന് പോകാതെ നിലനിർത്താൻ സ്ക്രൂൾ ഡിജിറ്റൽ മാഗസിന് കഴിയട്ടേ.



ഇഖ്ബാൽ വി സി
ട്രേഡ് ഇൻസ്ട്രക്ടർ

കുട്ടികളുടെയും അധ്യാപകരുടെയും സർഗ്ഗശേഷി മാറ്റുരയ്ക്കുന്ന സർഗ്ഗം എന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു സ്നേഹപൂർവ്വം



സബിത
എച്ച് എസ് എ

കോഴിക്കോട് ജി.ടി എച്ച് എസ്സിന്റെ സ്ക്കൂൾ മാഗസിൻ തയ്യാറാക്കിയ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ! നിങ്ങളുടെ സർഗ്ഗാത്മകതയും കഠിനാധ്വാനവും അർപ്പണബോധവും യഥാർത്ഥത്തിൽ ഫലം കണ്ടു. ഈ നേട്ടം നിങ്ങളുടെ കഴിവുകളെയും ടീം വർക്കിനെയും കാണിക്കുന്നു. പുതിയ ഉയരങ്ങളിലേക്ക് കുതിച്ചുയരുക, നിങ്ങളുടെ ഭാവനാത്മക അന്വേഷണം അവസാനിപ്പിക്കരുത്. ഇനിയും നിരവധി വിജയങ്ങൾ വരാൻ ആശംസകൾ!"



നാരായണൻ ടി കെ
കൈറ്റ് മാസ്റ്റർ ട്രെയിനർ

# സ്കൂളിനെ കുറിച്ച്

ടെക്നിക്കൽ ഹൈസ്കൂൾ, കോഴിക്കോട് 1961-ൽ സാങ്കേതിക വിദ്യാഭ്യാസവകുപ്പിന്റെ കീഴിൽ പ്രവർത്തനമാരംഭിച്ചു. 1982-വരെ പ്പോളിടെക്നിക് പ്രിൻസിപ്പലിന്റെ കീഴിലായിരുന്നു ഈ സ്ഥാപനം. അതിനുശേഷം ഓഫീസ് ഇപ്പോഴത്തെ കെട്ടിടത്തിലേക്ക് മാറ്റി ഒരു സൂപ്രണ്ടിന്റെ നേരിട്ടുള്ള മേല്നോട്ടത്തിന്റെ കീഴിലാക്കി. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് ഊന്നൽ  കൊടുത്തുകൊണ്ടുള്ള പാഠ്യപദ്ധതിയാണ് ഇവിടെ നടപ്പിലാക്കി വരുന്നത്

ഏഴാംതരം അടിസ്ഥാനയോഗ്യതയുള്ള വിദ്യാർത്ഥികളെ സംസ്ഥാനതലത്തിൽ നടത്തുന്ന മത്സരപരീക്ഷയിലെ മാർക്കിന്റെ അടിസ്ഥാനത്തിലാണ് 8-ാം തരത്തിലേക്ക് തിരഞ്ഞെടുക്കുന്നത്. പൊതുവിദ്യാഭ്യാസവകുപ്പിന്റെ സ്കൂളുകളിലെ ബയോളജി, ഹിന്ദി എന്നീ വിഷയങ്ങളൊഴികെ ബാക്കി എല്ലാ വിഷയങ്ങളും ടെക്നിക്കൽ ഹൈസ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 8-ാം തരത്തിലെ വാർഷികപരീക്ഷയിലെ പ്രകടനത്തെ അടിസ്ഥാനമാക്കി വിദ്യാർത്ഥികളുടെ അഭീഷ്ടത്തിനനുസരിച്ചുള്ള ട്രേഡിൽ തുടർവർഷങ്ങളിൽ വിതക്ത പരിശീലനം നല്കുന്നതാണ്. ടി.എച്ച്.എസ്. കോഴിക്കോടിൽ അനുവദിക്കപ്പെട്ട ട്രേഡുകളുടെ വിവരങ്ങൾ താഴെ നല്കുന്നു.

ഫിറ്റിംഗ്

വെൽഡിങ്ങ്

ടർണിംഗ്

ഇലക്ട്രിക്കൽ വയറിങ്ങ് ആൻഡ് മെയിൻറനൻസ് ഓഫ് ഡൊമസ്റ്റിക് അപ്ലയൻസസ്

റഫ്രിജറേഷൻ ആൻഡ് എയർ കണ്ടീഷനിംഗ്

ഓട്ടോമൊബൈൽ



# ലിറ്റിൽ കൈറ്റ്സ്

സംസ്ഥാനത്തിലെ വിദ്യാലയങ്ങൾ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ ഹൈടെക് ആകുമ്പോൾ സജ്ജമാക്കിയ നൂതന സംവിധാനങ്ങൾ പരിപാലിക്കുന്നതിനു സംരക്ഷിക്കുന്നതിനും വേണ്ട പരിജ്ഞാനം നൽകുക എന്ന ലക്ഷ്യം മുൻനിർത്തി ആരംഭിച്ച 'ഹായ് സ്കൂൾ കുട്ടിക്കൂട്ടം' പദ്ധതിയുടെ പരിഷ്കൃത രൂപമായി Little Kites 2018 ജൂൺ 22ന് സംസ്ഥാനതലത്തിൽ ആരംഭിക്കുകയുണ്ടായി.

ഈ പദ്ധതിയുടെ ഒരു യൂണിറ്റ് ഈ സ്ഥാപനത്തിൽ വർഷാരംഭം മുതൽ പ്രവർത്തനമാരംഭിച്ചു.

വിവര സാങ്കേതികരംഗത്ത് വിദ്യാർത്ഥികൾ പ്രകടപ്പിക്കുന്ന താൽപര്യങ്ങളെ പരിശോധിക്കുന്നതോടൊപ്പം സാങ്കേതികവിദ്യയിലും സോഫ്റ്റ്‌വെയറുകളുടെ കൈകാരങ്ങളിലും പാലിക്കപ്പെടേണ്ട മൂല്യങ്ങളും സംസ്കാരവും സൃഷ്ടിക്കപ്പെടുകയും വിവരവിനിമയ വിദ്യാസംഗേതങ്ങൾ അതിഗഹനമായി സ്വായത്തമാക്കുന്നതിനു വേണ്ട അവസരമൊരുക്കൽ വിദ്യാലയത്തിലെ സാങ്കേതിക ഉപകരണങ്ങളുടെ കാര്യക്ഷമമായ ഉപയോഗവും

നടത്തിപ്പും പരിപാലനവും, സുരക്ഷിതവും യുക്തവും മാന്യവുമായ ഇന്റർനെറ്റിന്റെ ഉപയോഗം, കമ്പ്യൂട്ടിങ്ങിന്റെ പ്രാധാന്യം സംഘ പഠനത്തിന്റെയും സഹവർത്തിത പഠനത്തിന്റെയും അനുഭവങ്ങൾ പ്രധാനം ചെയ്യുക പഠന പ്രൊജക്റ്റ് പ്രവർത്തനങ്ങൾക്കുള്ള മേഖലകൾ കണ്ടെത്തി ഗവേഷണ പഠനങ്ങൾ ചെയ്യാനുള്ള താല്പര്യം ജനിപ്പിക്കൽ തുടങ്ങി ഞാനാ മുഖ ഉദ്ദേശലക്ഷ്യങ്ങൾ അടങ്ങിയതാണ് ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനങ്ങൾ.



2022-2025



2024-2027



2023-2026

# എസ്.പി.സി

കോഴിക്കോട് ഗവണ്മെന്റ് ടെക്നിക്കൽ ഹൈ സ്കൂൾ ഹൈടെക് നിലവാരത്തിലേക്കുയരുന്ന അഭിമാനാർഹമായ മുഹൂർത്തത്തിലാണ് സ്കൂളിൽ SPC യൂണിയത് അനുവദിച്ച് കിട്ടിയത്. സർക്കാർ സഹായത്തോടെ നടപ്പിലാക്കുന്ന SPC യുടെ ഒരു യൂണിറ്റ് ആണ് (KDC 571) സ്കൂളിൽ തുടങ്ങിയത്.

വിദ്യാർത്ഥികളിൽ നേതൃപാടവും വ്യക്തിത്വവികസനവും വളർത്തുന്നതിനോടൊപ്പം ഭാവിയിൽ ഉത്തമ പൗരന്മാരായി വളരാൻ സഹായകമാവുന്ന രീതിയിലുമാണ് കേരളം പോലീസ് SPC ആവിഷ്കരിച്ചത് കേരളത്തിലെ 39 ടെക്നിക്കൽ സ്കൂളിൽ രണ്ട് സ്ഥാപനങ്ങളിൽ മാത്രമേ SPC യൂണിറ്റുകൾ അനുവദിക്കപ്പെട്ടിട്ടുള്ളത്.




**2022-2025**

## ജെ.ആർ.സി

ജൂനിയർ റെഡ് ക്രോസ് (J R C) ഇന്റെർനാഷണൽ റെഡ് ക്രോസിൻ്റെയും റെഡ് ക്രസന്റ് മൂവ്മെന്റിന്റെയും യുവാക്കളെ കേന്ദ്രീകരിച്ചുള്ള ശാഖയാണ്, മാനുഷിക മൂല്യങ്ങൾ വളർത്തുന്നതിനും യുവാക്കൾക്കിടയിൽ സന്നദ്ധപ്രവർത്തനം പ്രോത്സാഹിപ്പിക്കുന്നതിനും സമർപ്പിതമാണ്. കമ്മ്യൂണിറ്റി സേവനം, ദുരന്ത നിവാരണം, ആരോഗ്യ വിദ്യാഭ്യാസം, സാമൂഹിക ക്ഷേമ പ്രവർത്തനങ്ങൾ എന്നിവയിൽ ഏർപ്പെടാൻ കുട്ടികൾക്കും കൗമാരക്കാർക്കും അവസരമൊരുക്കുന്നു. വിവിധ സംരംഭങ്ങളിലൂടെയും പ്രോഗ്രാമുകളിലൂടെയും, മാനവികത, നിഷ്പക്ഷത, നിഷ്പക്ഷത, സ്വാതന്ത്ര്യം, സന്നദ്ധ സേവനം, ഐക്യം, സാർവത്രികത എന്നിവയുടെ തത്വങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനിടയിൽ അവരുടെ കമ്മ്യൂണിറ്റികളിൽ നല്ല മാറ്റത്തിന്റെ സജീവ ഏജന്റുമാരാകാൻ യുവാക്കളെ പ്രാപ്തരാക്കുക എന്നതാണ് JRC ലക്ഷ്യമിടുന്നത്.



**2024-2027**




## സാങ്കേതിക വിദ്യയുടെ വിസ്മയലോകം

കൗതുകങ്ങളുടെയും വിസ്മയങ്ങളുടെയും ഒരു മായാലോകത്തിലൂടെയാണ് നാം ഇന്ന് കടന്നുപോകുന്നത്. റിമോട്ടിൽ പ്രവർത്തിക്കുന്ന ടോയ് കാറുകൾ തുടങ്ങി ഡ്രൈവർ ഇല്ലാതെ ഓടുന്ന കാറുകൾ വരെ നമ്മെ വിസ്മയിപ്പിക്കുന്നു. വൈദ്യുതിയിൽ ഓടുന്ന ബൈക്കുകൾ, കാറുകൾ, ബസ്സുകൾ വലിയലോറികൾ വരെ നാം കണ്ടുതുടങ്ങി. അവ ചാർജ്ജിങ് നടത്തുന്നത് വയറുകൾ ഘടിപ്പിക്കാതെയുള്ള വയർലെസ് ചാർജ്ജിങ് കൂടിയാലോ അതിശയം തന്നെ.
ഒരു സ്മാർട്ട് ഫോൺ ഉപയോഗിച്ച് വീടുകളിലെ ലൈറ്റുകൾ, ഫാനുകൾ, തുടങ്ങിയ ഉപകരണങ്ങൾ വിദൂരങ്ങളിൽ നിന്നും നിയന്ത്രിക്കാൻ ഇന്ന് കഴിയുന്നു. സ്മാർട്ട് ടോയ്സ് പോലുള്ള കുട്ടികളുടെ കളിപ്പാട്ടങ്ങൾ തുടങ്ങി സ്മാർട്ട് ചെയേഴ്സ്, സ്മാർട്ട് ബ്ലൈൻഡ് സ്റ്റിക്സ് സഹായികൾ ആവശ്യമായ മനുഷ്യരെ സഹായിക്കുന്ന ഉപകരണങ്ങൾ വരെ സാങ്കേതികവിദ്യയുടെ വിസ്മയങ്ങളാണ്. ഫോൾഡിംഗ് മൊബൈലുകൾ വ്യാപകമാകുന്നതിനോടൊപ്പം കൈപ്പത്തി, സ്ക്രീൻ ആയി ഉപയോഗിക്കാവുന്ന മൊബൈലുകളും, മനുഷ്യരുടെ ഫീലിംഗ്സും ഇമോഷൻസും മനസ്സിലാകുന്ന കമ്പ്യൂട്ടറുകൾ നിർമിക്കാനാവുന്ന Blue eyes technology വരെയുള്ള സാങ്കേതിക വിദ്യയുടെ വിസ്മയങ്ങൾ നാം കാണാനിരിക്കുന്നു.

AI ഉപയോഗിച്ചുള്ള റോബോട്ടുകൾ അധ്യാപകരാവുന്നു,

ആധുനിക യന്ത്രങ്ങൾ ഉപയോഗിച്ചുള്ള വാഹന നിർമ്മാണം, എ.ഐ. ക്യാമറ ഉപയോഗിച്ചുള്ള വാഹന പരിശോധന, ത്രീഡി പ്രിന്റിംഗ് ഉപയോഗിച്ചുള്ള കെട്ടിട നിർമ്മാണങ്ങൾ, റോബോട്ടുകൾ ഉപയോഗിച്ചുള്ള ശസ്ത്രക്രിയകൾ തുടങ്ങിയവ ഇന്ന് നാം കണ്ടും കേട്ടും കൊണ്ടിരിക്കുന്ന യാഥാർത്ഥ്യങ്ങളാണ്. വിദ്യാഭ്യാസം, കൃഷി, വാണിജ്യം, വ്യവസായം, ആരോഗ്യം തുടങ്ങിയ സർവ്വമേഖലയിലും സാങ്കേതിക വിദ്യയുടെ സ്വാധീനം താരതമ്യേന വേഗത്തിലുള്ള വളർച്ചയ്ക്ക് ആക്കം കൂട്ടുന്നു.


വിവിധതരം സെൻസറുകൾ, ആർട്ടിഫിഷൽ ഇൻറലിജൻസ് (AI), ഇൻറർനെറ്റ് ഓഫ് തിങ്ങ്സ് (IoT), റോബോട്ടിക്സ്, ആധുനിക കമ്പ്യൂട്ടറുകൾ കൂടെ മെഷീൻ ലേർണിംഗ് (ML), വെർച്ച്വൽ ആൻഡ് ഓഗ്മെന്റഡ് റിയാലിറ്റി (VR/ AR), 5G തുടങ്ങിയവ ഒരുമിക്കുമ്പോൾ മാറ്റങ്ങളുടെ പെരുമഴ തന്നെ പ്രതീക്ഷിക്കാം. വിസ്മയങ്ങളുടെ പുതിയ ലോകത്തിനായി നമുക്ക് കാത്തിരിക്കാം.



സുബ്രഹ്മണ്യൻ സി
ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് I

# പൊതുവിദ്യാലയങ്ങൾ നാടിന്റെ സമ്പത്ത്

മെച്ചപ്പെട്ട സാമൂഹ്യ ജീവിതത്തിന് ഒരു വ്യക്തിയെ പ്രാപ്തമാക്കുന്നതിന് അനിവാര്യമായ ഒന്നാണല്ലോ അടിസ്ഥാന വിദ്യാഭ്യാസം. ആധുനിക സമൂഹം ആവശ്യപ്പെടുന്ന തരത്തിൽ ഗുണമേന്മയുള്ള വിദ്യാഭ്യാസം സ്കൂളിൽ ലഭ്യമാകുന്നതിന് സാധിക്കുമ്പോൾ മാത്രമാണ് വിദ്യാഭ്യാസം പൂർണ്ണമാവുകയുള്ളൂ. വിദ്യാഭ്യാസമെന്നത് കേവലം അറിവുകൾ മാത്രം നേടുന്ന ഒരു യാന്ത്രിക പ്രക്രിയയല്ല. ഒരു കുട്ടിയെ സാമൂഹ്യ ജീവിതത്തിൽ ഫലപ്രദമായി ഇടപെടുന്നതിന് പ്രാപ്തനാക്കുന്ന മൂല്യങ്ങളും മനോഭാവങ്ങളും ആർജ്ജിച്ചെടുക്കുന്ന പ്രക്രിയ കൂടിയാണ്. കുട്ടികളിൽ അന്തർലീനമായ കഴിവുകളും മനോഭവങ്ങളും കണ്ടെത്തി പ്രോത്സാഹിപ്പിക്കപ്പെടണം. അതു കൊണ്ട് തന്നെ ഏകീകൃതമായ ഒരു പാഠ്യപദ്ധതിക്കയുടെ ചട്ടക്കൂടിൽ നിന്ന് കൊണ്ട് തന്നെ വ്യക്തിവ്യത്യാസങ്ങൾ പരിഗണിച്ചുകൊണ്ടുള്ള ഒരു അർപ്പണബോധന രീതിയാണ് നമുക്കാവശ്യംഇവിടെയാണ് പൊതു വിദ്യാലയങ്ങളുടെ പ്രസക്തിയും അനിവാര്യതയും. നമ്മുടെ ഭരണഘടന അനുശാസിക്കുന്ന 6. മുതൽ 14 വയസ്സ് വരെയുള്ള കുട്ടികൾക്ക് നിർബന്ധിതവും സൗജന്യവും സാർവ്വത്രികവുമായ വിദ്യാഭ്യാസം അതിന്റെ പൂർണ്ണ അർത്ഥത്തിൽ നടപ്പിലാക്കാൻ സാധിക്കുന്നുകണ്ടാ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. വിവിധ സംസ്ഥാനങ്ങളിൽ ഇവ നടപ്പിലാക്കുന്ന രീതികളുടെ ഒരു താരതമ്യം പഠനവും ഗുണകാരന്മാപഠനവും പ്രാധാന്യമർഹിക്കുന്നു. ഇത്തരം പഠന റിപ്പോർട്ടുകൾ നൽകുന്ന സൂചനകൾ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് പൊതു വിദ്യാഭ്യാസ മേഖലയിൽ കേരളം പകരം വെക്കാനാവാത്ത മുന്നേറ്റമാണ് നടത്തിക്കൊണ്ടിരിക്കുന്നത്, എന്നതാണ്. ഇതര സംസ്ഥാനങ്ങളിൽ ഒക്കെത്തന്നെ. പൊതു വിദ്യാലയങ്ങൾ ശോഷിച്ചു വരുകയും സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തഴച്ചു വളരുകയും ചെയ്യുന്ന ഒരു സാഹചര്യം രൂപപ്പെട്ടിട്ടുണ്ട്. ഇത്തരം സ്വകാര്യ സ്ഥാപനങ്ങൾ മിക്കതും ലാഭേച്ഛയോടെ പ്രവർത്തിക്കുന്നതാണെന്ന് വ്യക്തമാണ്. പണമുള്ളവർക്ക് മാത്രം എത്തിച്ചേരാൻ കഴിയുന്ന ഇത്തരം വിദ്യാലയങ്ങളിൽ കുട്ടികളെ ചേർത്തത്ത് പഠിപ്പിക്കാൻ മാത്രം വരുമാനമുള്ളവരല്ല ഭൂരിപക്ഷം വരുന്ന തൊഴിലാളികളും കൂലിപ്പണിക്കാരും കർഷകരായിട്ടുള്ള സാധാരണ ജനങ്ങൾ എന്നത് ഒരു വസ്തുതയാണ്. മേൽ പറഞ്ഞ ഇടങ്ങളിലൊക്കെ പൊരുവിദ്യാലയങ്ങളുടെ ഗുണമേന്മ കുറയുന്നതിനുള്ള പ്രധാന കാരണം അധികൃതരുടെ സാമൂഹ്യ പ്രതിബദ്ധത ഇല്ലായ്മയാണ് എന്ന് നിസ്സംശയം പറയാം വിദ്യാഭ്യാസത്തിന് വേണ്ടിയുള്ള ലാഭ നഷ്ടക്കണക്കുകൾ പരിഗണിക്കാതെ ഭാവിയെ ലക്ഷ്യം വെച്ചുകൊണ്ടുള്ളതാവണം. ഒരു രാഷ്ട്രത്തിന്റെ ഏറ്റവും വലിയ മൂലധനമാണ് അവിടത്തെ ഭാവി തലമുറ എന്നത് ഒരു തിരിച്ചറിവ് നയരൂപികരണങ്ങളിൽ ഉണ്ടാവണം. ചുരുക്കിപ്പറഞ്ഞാൽ, പൊരുവിദ്യാഭ്യാസ മേഖലയിലെ ശക്തിപ്പെടുത്താൻ ബോധപൂർവ്വമായ ഇടപെടലുകൾ സർക്കാർ തലത്തിൽ ഉണ്ടാവേണ്ടത് അനിവാര്യമാണ്. ഇവിടെയാണ് കേരളാ മാതൃക വിദ്യാഭ്യാസമാകുന്നത്. പൊരു സമൂഹവും സർക്കാരും കൈകോർത്തുകൊണ്ടുള്ള പൊരു വിദ്യാലയ ശാക്തീകരണ പ്രവർത്തനങ്ങൾ വിദ്യാലയാങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ മാത്രമല്ല . വിദ്യാഭ്യാസത്തിന്റെ ഉന്നതനിലവാരം ഉയർത്തുന്നതിലും വലിയ കുതിച്ചുചാട്ടം തന്നെ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു. ഇതിന്റെ ഫലമായി ഓരോ വർഷവും പൊതുവിദ്യാലയങ്ങളിൽ ചേരുന്ന കകുട്ടികളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. പ്രീ- പ്രൈമറി മുതൽ 12-ാം ക്ലാസ് വരെ കുട്ടികൾക്ക് പൂർണ്ണമായും. സൗജന്യമായി ഗുണമേന്മയുള്ള വിദ്യാഭ്യാസം ലഭിക്കുന്ന കേന്ദ്രങ്ങളായി നമ്മുടെ വിദ്യാലയങ്ങൾ സജ്ജമായിക്കഴിഞ്ഞു എന്നത് അഭിമാനകരമാണ്. ഇന്ന് ഏതൊരു സ്വകാര്യ വിദ്യാലത്തോടും കിടപിടിക്കാനാവുന്ന വിധത്തിൽ നമ്മുടെ സ്കൂളുകളുടെ ഭൗതി സൗകര്യങ്ങൾ വികസിച്ചു വന്നിട്ടുണ്ട്. എല്ലാ സൗകര്യങ്ങളോടും കൂടിയ അതി മനോഹരമായ കെട്ടിടങ്ങൾ. ടോയ്‌ലറ്റ് സൗകര്യങ്ങൾ, ലബോറട്ടറികൾ, ലൈബ്രറികൾ, കളിസ്ഥലങ്ങൾ, കമ്പ്യൂട്ടർ ലാബുകൾ എന്നിവ മാത്രമല്ല ഓരോ ക്ലാസ് മുറിയും ആധുനിക വിവരസാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള പഠനത്തിന് സജ്ജമായ രീതിയിൽ നവീകരിക്കപ്പെട്ടിരിക്കയാണ് .പൊതു വിദ്യാലയങ്ങളുടെ വളർച്ചയും വികാസവും അനുദിനം വർദ്ധിക്കുന്നത് നമ്മുടെ ഉയർന്ന സാമൂഹ്യ ബോധത്തിന്റെ ഒരു വ്യക്തമായ സൂചകമാണ്.. നിരന്തരമായ സാമൂഹ്യ ഇടപെടലുകൾ അക്കാദമിക രംഗത്തും ഭൗതിക സാഹചര്യ വികസനത്തിലും ഇനിയും ഉണ്ടാവേണ്ടതുമുണ്ട്. ജാതി - മത- സാമ്പത്തിക വിഭവചനങ്ങളില്ലാതെ എല്ലാവരെയും ഉൾക്കൊള്ളാനാവുന്ന പരസ്പര കൈമാറ്റങ്ങളിലൂടെ ശരിയും തെറ്റും വേർതിരിച്ചറിഞ്ഞ് കുട്ടികളെ പ്രാപ്തമാക്കുന്ന ഈ പൊതു ഇടങ്ങൾ നമ്മുടെ നാടിന്റെ സമ്പത്താണ് എന്ന് നിസംശയം അഭിമാനത്തോടെ നമുക്ക് പറയാം.





സബിത്ത് കുമാർ. എം.

എച്ച് എസ് എ

# യാത്രയിലെ നിഴലുകൾ

പിന്നിട്ട വഴികളിലെ പിന്നാമ്പുറ കാഴ്ച്ചകൾ,

വേദനയുടെ ഉപ്പുനിറഞ്ഞു,

ചവിട്ടി നടന്ന വഴികളെല്ലാം  ചതുപ്പ് നിലങ്ങൾ,

ചിരിക്കുന്ന മുഖങ്ങളിൽ ഒളിഞ്ഞു കിടന്നെ,

ചതിക്കു തിളക്കമേറെ,

ഒറ്റയടിപ്പാതകൾക്ക് അവസാനം വിശാലമായ

വയലുകളിൽ ഇളം വെയിൽ കൊള്ളുന്ന നാൽക്കാലികൾ,

എന്തോ ഓർത്തെടുക്കുന്നതിന്റെ തിടുക്കത്തിൽ,

നടന്നു തീർത്ത വഴികളെക്കാളേറെയുണ്ട്,

പിന്നിടാനെന്നത് ഭീതിയായി മനസ്സിലിളക്കങ്ങൾ തീർക്കുന്നു.

അമർന്നു തുടങ്ങിയ പാദങ്ങൾക്ക്, കരുത്തൊട്ടും കുറഞ്ഞില,

മണ്ണിൽ അമർന്ന കാൽചിത്രം നിറചിരി തീർത്തു.

തുടരുക എന്നത് അവസാനിക്കാത്ത അവസാനമാകുമ്പോൾ

കണക്കുകൾ കൂട്ടുകയും കുറയ്ക്കുകയും ചെയ്യാനെന്തെളുപ്പം

തുടരുക തന്നെ എന്നത് അവസാനിക്കാത്ത, യാത്രകളുടെ അടയാളമായി

അങ്ങിനെ നീണ്ട് നിവർന്ന് ഒറ്റയടി പാതയായി , ആകാശത്തെ മുട്ടിയിരുമ്മി.....





ശ്രീഹരി കെ
എൻജിനീയറിങ് ഇൻസ്ട്രക്ടർ

## ലൈബ്രറി

രണ്ട് വലിയ പർവതങ്ങൾക്കിടയിൽ സ്ഥിതി ചെയ്യുന്ന ഒരു ചെറിയപട്ടണത്തിൽ, ഒരു നിശ്ശബ്ദമായ ലൈബ്രറിയെക്കുറിച്ച് ഒരു ഐതിഹ്യംഉണ്ടായിരുന്നു. ലൈബ്രറി രാത്രിയിൽ മാത്രമേ ദൃശ്യമാകൂ എന്നും അത് കണ്ടെത്താൻ അർഹതയുള്ളവർക്ക് മാത്രമേ കാണൂ എന്നും പറയപ്പെട്ടു. അതിൽ ആ ലൈബ്രറിയിൽ നിങ്ങളുടെ പേരുള്ള ഒരു പുസ്തകം കാണുമെന്നായിരുന്നു കഥ. നിങ്ങളുടെ ജീവിതത്തിന്റെയും ഭൂതകാലത്തിന്റെയും വർത്തമാനത്തിന്റെയും ഭാവിയുടെയും കഥ പുസ്തകത്തിൽ അടങ്ങിയിരിക്കും. പലരും ലൈബ്രറി കണ്ടതായി അവകാശപ്പെട്ടു, പക്ഷേ ആരും അവരുടെപേരുള്ള ഒരു പുസ്തകം കണ്ടെത്തിയിട്ടില്ല. ഇതിഹാസം ഒരു ഫാന്റസിയായി മാറി. ഒരു രാത്രിയിൽ, സോഫിയ എന്ന പെൺകുട്ടി ലൈബ്രറി അന്വേഷിക്കാൻതീരുമാനിച്ചു. ഇതിഹാസത്തിൽ അവൾ എപ്പോഴും ആകൃഷ്ടയായിരുന്നു, അത് സത്യമാണോ എന്ന് കണ്ടെത്താൻ അവൾ ദൃഢനിശ്ചയം ചെയ്തു .ശൂന്യമായ തെരുവുകളിലൂടെ സോഫിയ നടന്നു, അവളുടെ ഹൃദയം ആവേശത്താൽ മിടിക്കുന്നു. അവൾ ഒരു വളവ് തിരിഞ്ഞു നോക്കിയപ്പോൾ പെട്ടെന്ന് അവൾ അത് കണ്ടു - മനോഹരമായ, പുരാതനമായി കാണപ്പെടുന്ന ഒരു ലൈബ്രറി. വാതിലുകൾ തുറന്നിരുന്നു, അവളെ അകത്തേക്ക് ക്ഷണിച്ചു. സോഫിയ പുസ്തകങ്ങൾ നിറഞ്ഞ ഒരു അകത്തേക്ക് കാലെടുത്തുവച്ചപ്പോൾ കവിശാലമായ മുറിയിൽ അവൾ കണ്ടെത്തി. പഴയ കടലാസിന്റെ ഗന്ധം നിറഞ്ഞ അന്തരീക്ഷമായിരുന്നു അത് . അലമാരകളിലൂടെ അലഞ്ഞുനടക്കുമ്പോൾ, സോഫിയ തന്റെ പേരുള്ള ഒരു പുസ്തകം കണ്ടു. അവൾ അത് തുറന്നു, വായിക്കാൻ തുടങ്ങിയപ്പോൾ അവളുടെ കണ്ണുകൾ വിടർന്നു. പുസ്തകം അവളുടെ കുട്ടിക്കാലം മുതൽ ഭാവി വരെയുള്ള ജീവിതത്തിന്റെ കഥ പറഞ്ഞു. സോഫിയ തന്റെ വിജയങ്ങളെയും പരാജയങ്ങളെയും കുറിച്ച് , അവളുടെ സന്തോഷങ്ങളെയും സങ്കടങ്ങളെയും കുറിച്ച് വായിച്ചു. താൻ കണ്ടുമുട്ടുന്ന ആളുകളെക്കുറിച്ചും അവൾ എടുക്കുന്ന തിരഞ്ഞെടുപ്പുകളെക്കുറിച്ചും അവൾ വായിച്ചു.അവസാന പേജ് വായിച്ചപ്പോൾ, സോഫിയയ്ക്ക് അത്ഭുതവും വിസ്മയവും തോന്നി. നിശ്ശബ്ദമായ ലൈബ്രറി യഥാർത്ഥമാണെന്നും അതിൽ അവളുടെ പേരുള്ള പുസ്തകം ഒരു സമ്മാനമാണെന്നും അവൾ മനസ്സിലാക്കി. അന്നുമുതൽ, സോഫിയ എല്ലാ രാത്രിയും ലൈബ്രറി സന്ദർശിച്ചു. തന്റെ ജീവിതത്തെക്കുറിച്ചും ചുറ്റുമുള്ളവരുടെ ജീവിതത്തെക്കുറിച്ചും അവൾ വായിച്ചു. ലോകത്തെക്കുറിച്ചും അതിന്റെ രഹസ്യങ്ങളെക്കുറിച്ചും അവൾ പഠിച്ചു. ലൈബ്രറിയുടെ നിശ്ശബ്ദതകളിലേക്ക് ആഴ്ന്നിറങ്ങിയപ്പോൾ, യഥാർത്ഥങ്ങളിലല്ല, മറിച്ച് അവർ പറഞ്ഞ കഥകളിലാണെന്ന മാന്ത്രികത സോഫിയ കണ്ടെത്തി.






റിതുനാഥ്.കെ
൯ A

# കാർമേഘം തെളിഞ്ഞപ്പോൾ

അന്നും പതിവുപോലെ വാടിയ മുഖവും ആയിട്ടാണ് അമലേന്ദു സ്ക്രൂളിൽ നിന്നും വന്നത്. സ്ക്രൂൾ വിശേഷങ്ങൾ പറഞ്ഞിട്ടേ അമ്മു യൂണിഫോം  മാറ്റാറുള്ളൂ. അമ്മേ എനിക്ക് സ്ക്രൂളിൽ പോകണ്ട. അമ്മയുടെ അമ്മു  മോൾക്ക് ഇന്ന് എന്തുപറ്റി. നിറത്തിന്റെ പേരിൽ ഇന്നും ആരോ കളിയാക്കിയിരിക്കും മുടിയിഴകളിലൂടെ വിരൽ ഓടിച്ചു കൊണ്ട് പതിയെ പറഞ്ഞു മറ്റുള്ളവർക്കില്ലാത്ത എത്രയോ കഴിവുകൾ നിനക്കുണ്ട് സ്ക്രൂളിലെ സ്റ്റാർ അല്ലേ നീ ഇങ്ങനെയെല്ലാം പറഞ്ഞു അമ്മുവിനെ ആശ്വസിപ്പിക്കുമ്പോഴും മനസ്സിൽ രാവിലെ വായിച്ച പത്രവാർത്തയായിരുന്നു നിറം കുറഞ്ഞെന്ന്  പേരിൽ ക്രൂടെ പഠിക്കുന്ന കുട്ടികൾ കളിയാക്കുകയും ക്ലോസറ്റിൽ മുഖം അമർത്തിവെച്ച് ഫ്ലഷ് അടിക്കുകയും ചെയ്ത മനോവിഷമത്തിൽ സ്ക്രൂളിലെ ഫ്ലോറിൽ നിന്നും ചാടി ആത്മഹത്യ ചെയ്ത മെഹർ എന്ന ഒമ്പതാം ക്ലാസുകാരനെ ഓർത്തുപോയി നമ്മുടെ നാട് എന്നു നന്നാവും. അമ്മുവിനെ ചേർത്തുപിടിച്ച് ചൂട് ചായയും കാലത്ത് ബാക്കി കരുതിവെച്ച ദോശ മാവുകൊണ്ട് ദോശയും ചുട്ടു കൊടുത്തു മോൾ നന്നായി പഠിക്കുക അതാണ് അമ്മയുടെ സ്വപ്നം. ആ കുഞ്ഞ് കണ്ണുകളിലേക്ക് നോക്കിയപ്പോൾ കാലം കുറച്ചു പുറകോട്ട് പോയി മാസാമാസം ഫീസ് കൊടുക്കാൻ നിവൃത്തിയില്ലാതെ അവധി ചോദിക്കാൻ ഹെഡ്മാസ്റ്ററുടെ മുറിയുടെ വാതിൽക്കൽ ഊഴം കാത്തുനിൽക്കുമ്പോൾ അവഗണനയോടെ എത്തിനോക്കി നടന്നുപോകുന്ന ചില അധ്യാപകർ പൈസ ഇല്ലെങ്കിൽ വല്ല സർക്കാർ സ്ക്രൂളിലും പഠിച്ചാൽ പോരെ അവരുടെ കണ്ണുകളിലെ വികാരം ഇതായിരുന്നു എല്ലാം സഹിക്കുക അതാണ് സാഹചര്യം ആരുമില്ലാത്തവർക്ക് ദൈവം തന്നെ തുണ വാങ്ങിക്കൂട്ടിയ മെഡലുകളും സർട്ടിഫിക്കറ്റുകളും വയ്ക്കാൻ ഇടമില്ലാതെ പാത്രങ്ങളിലും കവറുകളിലുമായി സൂക്ഷിക്കുമ്പോൾ പലപ്പോഴും അമ്മു  ചോദിക്കും അമ്മേ എന്നാണ് നമുക്ക് ഒരു ഷെൽഫ് ഉണ്ടാവുക മോള് നന്നായി പഠിക്കുക അതേ വേണ്ടു  പെട്ടെന്ന് കോളിംഗ് ബെൽ  ശബ്ദിച്ചു ഞെട്ടി ഉണർന്നു. ഇത്രയും നേരം താൻ ഉറക്കത്തിൽ ആയിരുന്നെന്ന് അമ്മു  തിരിച്ചറിഞ്ഞു അതെ  തന്റെ അമ്മയുടെ ആഗ്രഹം പോലെ താൻ ഇന്നൊരു  ജില്ല ഭരണാധികാരിയാണ് അതും പഞ്ചാബിൽ പഠനകാലത്ത് മാത്രമല്ല വിവാഹ കമ്പോളത്തിലും നിറത്തിന്റെ പേരിൽ മാറ്റി നിർത്തപ്പെട്ടു വിവാഹംമാറ്റിവെച്ച് മൂന്നാമത്തെ അവസരത്തിൽ ഐഎഎസ് എഴുതിയെടുക്കുമ്പോൾ തനിക്ക് പ്രായം 28 ഇപ്പോൾ താനൊരു കുടുംബിനി കൂടിയാണ് നിറമോ ജാതിയോ മതമോ ഒന്നും നോക്കാതെ തന്നെ സ്നേഹത്തോടെ ചേർത്തുപിടിക്കുന്ന തന്റെ പ്രിയതമൻ ഓമനകളായ രണ്ടു മക്കൾ എന്റെ അമ്മ വളർത്തിയ പോലെ ഞാനും എന്റെ മക്കളെ വളർത്തും നിറത്തിനും ജാതിക്കും അപ്പുറം സ്നേഹത്തോടെ ഇതിലും വലിയൊരു സമ്മാനം എന്റെ അമ്മയ്ക്ക് കൊടുക്കാൻ ഉണ്ടോ ഈ ഭൂമിയിൽ





അമ്പില കീർത്തന. ബി
8B

# ചാന്ദ്നി

വിടരുന്നതിനു മുന്നേ കൊഴിഞ്ഞ സുമങ്ങളേ നിങ്ങൾക്കെന്റെ ബാഷ്പാഞ്ജലി,

തെരുവുകളിൽ മനുഷ്യമൃഗങ്ങളാൽ പിച്ചി ചീന്തപ്പെട്ടു ഇഹലോകവാസം വെടിഞ്ഞ കുഞ്ഞു പൂക്കളുടെ ആത്മാക്കൾക്ക് നിത്യശാന്തി നേർന്നുകൊണ്ട് നമുക്ക് ആരംഭിക്കാം.

ഞാനിവിടെ അവതരിപ്പിക്കാൻ പോകുന്ന കഥയുടെ പേരാണ് "ചാന്ദ്നി"

"മാമലകൾ,പുഴകൾ ഇതു പ്രകൃതി മനോഹര ഭൂമി
ദൈവം സ്വന്തം സൃഷ്ടികൾ വാഴാൻ ഉയർത്തെടുത്തൊരു തീരം
മാമലകൾ പുഴകൾ ഇതു പ്രകൃതിമനോഹര ഭൂമി
ദൈവം സ്വന്തം സൃഷ്ടികൾ വാഴാനുയർത്തെടുത്തൊരു തീരം
ഹരിത മനോഹര ഭൂമിയിലിവിടെ മറ്റൊരു സ്വർഗ്ഗം പണിയാൻ
ഹരിത മനോഹര ഭൂമിയിലിവിടെ മറ്റൊരു സ്വർഗ്ഗം പണിയാൻ
എല്ലാം നമ്മൾ മാനവർക്കായി ദാനം തന്നു ദൈവം
എല്ലാം നമ്മൾ മാനവർക്കായി ദാനം തന്നു ദൈവം "

അതെ ദാനം കിട്ടിയതിന്റെ അഹങ്കാരം മനുഷ്യൻ പ്രകൃതിക്ക് മേൽ തന്നെ പ്രയോഗിക്കുന്നുണ്ടല്ലോ, അതവിടെ നിൽക്കട്ടെ അതല്ല നമ്മുടെ വിഷയം,

ഈ കഥ ഒരു ദിനം കേരളക്കര ഞെട്ടലോടെ കേട്ട് മറന്ന കഥയാണ് ഇനിയൊരു ഞെട്ടലിന്റെ കഥ പുറത്തുവരുന്നത് വരെ ഇതങ്ങനെ വിസ്മൃതിയിൽ കിടക്കും.

അങ്ങ് വടക്ക് ബീഹാറിൽ നിന്നും ചൂളം വിളിച്ച് പുറപ്പെട്ട തീവണ്ടിയിൽ ചുട്ടു നീറുന്ന മനസ്സുമായി അയാൾ ഉണ്ടായിരുന്നു ആരെന്നല്ലേ മജ്ജയകുമാർ നമ്മുടെ "ചാന്ദനി" മോളുടെ അച്ഛൻ

തീവണ്ടി കാതങ്ങൾ പിന്നിട്ടു, പോകേ പോകെ അയാളുടെ മനസ്സിലെ നെരിപ്പോലെ കനൽ ചാരം മൂടി തുടങ്ങിയിരുന്നു അയാളുടെ ഉള്ളിലുള്ള വേവൽ അൽപ്പാൽപ്പമായി കുറഞ്ഞുതുടങ്ങി അയാൾക്കുറപ്പായിരുന്നു തന്റെ സുഹൃത്തുക്കളെയും മറ്റും സമ്പന്നരാക്കിയ നാട് തനിക്കും അത്താണി ആകും എന്ന് തന്റെ കഷ്ടപ്പാടും ദുരിതവും എല്ലാം മാറും എന്ന് ബീഹാറിൽ നിന്ന് യാത്ര തിരിക്കുമ്പോൾ മജ്ജയ് തന്റെ ഭാര്യയെയും പറക്കമുറ്റാത്ത നാല് മക്കളെയും കൂടെ ചേർത്ത് പിടിച്ചിരുന്നു.

അവന് അവന്റെ കുടുംബം അത്രയ്ക്ക് പ്രിയപ്പെട്ടതായിരുന്നു.



തന്റെ നാല് മുത്തുമണികളെയും ഒരുമിച്ച് എന്നും കണ്ണ്നിറച്ചു കാണാമല്ലോ എന്ന ആശ്വാസത്തിലായിരുന്നു ആ പിതാവ്

ആഗ്രഹിച്ച പോലെ തന്നെ മജ്ജയിക്കും കുടുംബത്തിനും കേരളത്തിൽ ആലുവ ഗ്യാരേജിന് സമീപമുള്ള മുക്കത്ത് പ്ലാസ എന്ന സ്ഥലത്ത് അടച്ചുറപ്പോടെ പാർക്കാൻ ഒരു കൊച്ചു വീടും അത്യാവിശ്യം തെറ്റില്ലാത്ത ഒരു ജോലിയും കിട്ടി അല്ലലില്ലാതെ ആ കുടുംബം നാളുകൾ തള്ളിനീക്കി.

കുറച്ചുനാളുകൾ കൊണ്ടുതന്നെ മഞ്ജുയിക്ക് മനസ്സിലായി മലയാള ഭാഷ വലിയൊരു കടമ്പ തന്നെയാണെന്ന് പിന്നെ ആകെയുള്ള ഒരാശ്വാസം തൊട്ടടുത്ത് തന്നെ മറ്റൊരു വാടകപ്പുരയിൽ ബീഹാറി ഭാഷ സംസാരിക്കുന്ന തന്റെ സ്വന്തം നാട്ടുകാരുള്ളതായിരുന്നു.

ഒഴിവുസമയങ്ങളിൽ മഞ്ജുയും കുടുംബവും അവരുമായി മിണ്ടിയും പറഞ്ഞും സമയം പോക്കും. അവരവിടെ ഉള്ളത് അവനൊരു അനുഗ്രഹമായി തോന്നിച്ചു.

ഈ നാളുകൾ കൊണ്ടുതന്നെ കുഞ്ഞുങ്ങൾ നാലുപേരും ചുറ്റുവട്ടവുമായി പൊരുത്തപ്പെട്ടിരുന്നു

പരിസരവാസികളുടെ മുത്തുമണികൾ ആയി മാറിയിരുന്നു

കൂട്ടത്തിൽ ഏവരുടെയും മനം കവർന്നത് മൂന്നാമത്തെ മകൾ ചാന്ദിനി മോളായിരുന്നു ആ കുഞ്ഞിന്റെ കൊച്ചരിപ്പല്ലുകൾ കാട്ടിയുള്ള ചിരി ഉണ്ടല്ലോ ആ കുഞ്ഞിനെ ഒന്ന് വാരിപ്പുണർന്ന് മുത്തം കൊടുക്കാൻ ആഗ്രഹിക്കാത്തവരായി ആരും ഉണ്ടായിരുന്നില്ല ആ നാട്ടിൽ

മനുഷ്യനായി പിറന്നവന്റെ ഉള്ളിൽ വാത്സല്യം മാത്രം നിറയുന്ന ആ പാൽപുഞ്ചിരി.

" ചന്ദ്രിക ശോഭ കണക്കെ മിന്നുന്ന പൊൻ മുത്താണേ
കൊച്ചരി പല്ലുകൾ കാട്ടി പുഞ്ചിരിയിൽ മനംമയക്കും
നിന്നെ ഒന്ന് വാരിപ്പുണരാൻ കുഞ്ഞു കവിളിൽ മുത്തം വയ്ക്കാൻ
നിന്നെ ഒന്ന് വാരിപ്പുണരാൻ കുഞ്ഞു കവിളിൽ മുത്തം വയ്ക്കാൻ
നിന്നെയൊന്നു മടിയിൽ ഇരുത്തി കൊഞ്ചിക്കാം കൊഞ്ചിക്കാം "

അത്രയ്ക്ക് അരുമ മകളായിരുന്നു ചാന്ദിനി മോൾ,

മഞ്ജുയും കുടുംബവും ഒരുവിധത്തിൽ ജീവിതം തള്ളി നീക്കി കൊണ്ടിരുന്നു പ്രത്യാശയുടെ വെളിച്ചം ആ കുടുംബത്തിന്മേൽ കാണുമാറായി

എന്നാൽ നമ്മളൊന്ന് ചിന്തിച്ച് പ്രവർത്തിക്കും ദൈവം നമ്മൾക്കായി മറ്റൊന്ന് കരുതിവെക്കും എന്നാണല്ലോ പഴമൊഴി.

അന്ന് പതിവിലും വിപരീതമായി പ്രകൃതി വല്ലാതെ മൂടിക്കെട്ടിയിരുന്നു എന്തോ അരുതാത്തതിന് കോപ്പ് കൂട്ടുന്നത് പോലെ ഭൂതവും വർത്തമാനവും അല്ലാതെ ഭാവി അത് നമ്മൾക്ക് എങ്ങനെ പ്രവചിക്കാൻ പറ്റും. സമയം രാത്രി ആകുന്നു മുക്കത്തെ പ്ലാസ ബസ്റ്റോപ്പിൽ അവസാനത്തെ ബസ് വന്ന് നിർത്തി അതിൽനിന്നും കൊലുന്നനേയുള്ള ഒരു രൂപം പതിയെ വേച്ചു വേച്ചു പുറത്തിറങ്ങി നിന്നു പാറി പറക്കുന്ന മുടിയും ചോരക്കണ്ണുകളും ഉള്ള ആ രൂപം പാൻ മസാല ചവച്ച് അങ്ങിങ്ങ് തുപ്പി കൊണ്ട് ഏതാനും നേരം അവിടെ അങ്ങനെ നിന്നു.



നിങ്ങൾ അറിയും ഇവനേ, ഇവൻ ചെയ്ത സൽപ്രവർത്തി കാരണംഇവനിപ്പോ സെൻട്രൽ ജയിലിലാണ്

അവനാണ് "അസ്ഫാഖ് ആലം" ബീഹാറുകാരനായ അസ്ഫാഖ് ആലം

ചിലർക്ക് മനസ്സിലായി ചിലർക്ക് മനസ്സിലായില്ല എന്ന് തോന്നുന്നു. അങ്ങനെയുള്ളവർക്ക് വഴിയെ മനസ്സിലാവും,

കയ്യിലുണ്ടായിരുന്ന കുപ്പിയിലെ മദ്യം ഒറ്റ വലിക്ക് കുടിച്ച് തീർത്ത് ആ കുപ്പി അസ്ഫാഖ് ദൂരേക്ക് വലിച്ചെറിഞ്ഞു മൊബൈൽ ഫോൺ എടുത്തു നമ്പർ ഡയൽ ചെയ്ത് ആരെയോ വിളിച്ചു മറുപുറത്തു നിന്നുമുള്ള മറുപടി പ്രകാരം അസ്ഫാക്ക് വിറക്കുന്ന കാലുകളുമായി പതിയെ മുന്നോട്ടു നടന്നു നീങ്ങി

ഇവൻ ആരെന്ന് ശരിക്കും നിങ്ങൾക്ക് മനസ്സിലായാൽ ആ നിമിഷം ഭൂമി പിളർന്ന് ആ ഗർത്തത്തിലേക്ക് വീണിവൻ നശിച്ചു പോകട്ടെ എന്ന് നിങ്ങൾ ശപിച്ചുപോകും നിമിഷങ്ങൾക്കകം ദൂരെ ഇരുളിലേക്കവൻ അലിഞ്ഞു ചേർന്നു.

പിന്നെ സാധാരണ നിലയിൽ രണ്ടു ദിവസം അങ്ങനെ കടന്നുപോയി ഇന്ന് മൂന്നാം ദിവസം ജൂലൈ 28 വെള്ളിയാഴ്ച നേരം പുലർന്നു അന്നൊരു പതിവു ദിനം ആയിരുന്നു ആളുകൾ ലോകത്തിന്റെ അഗാധമായ വേഗത്തിലേക്ക് ഊളിയിട്ട് തുടങ്ങിയിരുന്നു അന്ന് സ്കൂൾ അവധി ദിനം ആയിരുന്നു പരിസരത്തെ കണ്ണുമടച്ച് വിശ്വസിച്ചു മജയും ഭാര്യയും തന്റെ നാല് മുത്തുമണികളെയും വീട്ടിൽ സ്വതന്ത്രമാക്കി വിട്ടു ജോലി തേടാനായി ഇറങ്ങി പുറത്തേക്കിറങ്ങിയ മജയ് പതിവിന് വിപരീതമായി തിരിച്ചുവന്ന് തന്റെ നാല് മുത്തുമണികൾക്കും  ഒരിക്കൽ കൂടി മുത്തം നൽകി എന്നിട്ട് സ്നേഹത്തോടെ ഉപദേശിച്ചു മക്കൾ വെയിലിൽ പോകാതെ പരിക്കൊന്നും പറ്റാതെ അനുസരണയോടെ ഇവിടെ കളിക്കണേ അപ്പോൾ ചന്ദ്നി മോൾ കെഞ്ചി കൊണ്ട് അപ്പയോട് ചോദിച്ചു "എങ്കിൽ വൈകീട്ട് അപ്പ വരുമ്പോൾ മിട്ടായി കൊണ്ടുവരണേ വാത്സല്യത്തോടെ ഒരിക്കൽ കൂടി മുത്തം നൽകിക്കൊണ്ട്  "ബേടി മിഠായി മാത്രമല്ല മക്കൾക്കിഷ്ടപ്പെട്ട എല്ലാം അപ്പ വരുമ്പോ കൊണ്ടുവരാം നമ്മുടെ കഷ്ടപ്പാടുകൾ പലതും മാറി വരുന്നു ഇനി വേണം നമുക്ക് സ്വന്തമായി എന്തെങ്കിലുമൊക്കെ സമ്പാദിക്കാൻ. അതുകൊണ്ട് തുടർന്നുള്ള ദിവസങ്ങളിൽ അപ്പയുടെ കൂടെ അമ്മയും എന്നും ജോലിക്ക് വന്നേ മതിയാവൂ.

" എന്നാലേ നമുക്ക് സുഖമായി ജീവിക്കാൻ സാധിക്കു "ഇതിനിടെ അമ്മ ഇടക്ക് കയറി പറഞ്ഞു ഞങ്ങൾ ജോലി കഴിഞ്ഞു വരാൻ സന്ധ്യയാകും നിങ്ങൾക്ക് എന്ത് ആവശ്യമുണ്ടെങ്കിലും ഈ വീട്ടിൽ കൊച്ചമ്മ ഉണ്ടാകും ,കൊച്ചമ്മ എന്ന് മജയും ഭാര്യയും പറയുന്നത് തൊട്ടടുത്തു താമസിക്കുന്ന വാടക വീടിന്റെ ഉടമസ്ഥയെയാണ്. പിന്നെ അടുത്ത വീട്ടിൽ നമ്മുടെ ഗാവ് വാല അവർ ഉച്ചക്ക് ജോലി കഴിഞ്ഞെത്തും, അവരും നിങ്ങളെ നോക്കിക്കൊള്ളും ഇന്നലെ വീട്ടിൽ കറണ്ടില്ല എന്നും പറഞ്ഞ് ഒരു കഷണം വയറുമായി കരണ്ട് വലിക്കാൻ വന്ന ആ മാമനില്ലേ കണ്ണുകൾ ഒക്കെ ചുവന്ന എപ്പോഴും പാൻ മസാല ചവക്കുന്ന ആ മാമൻ,വന്നിട്ട് രണ്ടുദിവസമായി ആ പാവത്തിന് പണിയൊന്നുമായിട്ടില്ല, മക്കള് ഭക്ഷണം കഴിക്കുമ്പോൾ കുറച്ചു ഭക്ഷണം ആ മാമനും കൂടെ കൊടുക്കണം നമ്മുടെ നാട്ടുകാരനല്ലേ.

മജയും ഭാര്യയും ജോലിക്ക് ഇറങ്ങിയതിന് പിന്നാലെ തന്നെ കുട്ടികൾ കളികളിൽ ഏർപ്പെട്ടു. അവർ അകത്തും പുറത്തുമായി പൂമ്പാറ്റകളെപ്പോലെ പാറിപ്പറന്നുല്ലസിച്ചു  സമയം ഉച്ചയായി സുമാർ 2 30 തൊട്ടടുത്ത വീട്ടിലെ ചോരക്കണ്ണൻ ഈ സമയം മദ്യലഹരിയിൽ കുട്ടികളെ തന്നെ നോക്കിക്കൊണ്ടിരിക്കുകയാണ്.

കൂട്ടത്തിലവന്റെ ശ്രദ്ധ ചാന്ദിനി മോളുടെ മേലെത്തി ഒരു കോഴിക്കുഞ്ഞിന്റെ ഇളം ശരീരം ചൂടോടെ ഭക്ഷിക്കാൻ കാത്തുനിൽക്കുന്ന കഴുകനെപ്പോലെ അവൻ എന്തൊക്കെയോ കണക്കു കൂട്ടുകയാണ്, എന്നാൽ ആ അഞ്ചുവയസ്സുകാരി ചന്ദ്നി മോളാകട്ടെ എല്ലാം മറന്ന് തന്റെ സഹോദരങ്ങളോടൊപ്പം തകർത്തു കളിക്കുകയാണ്.



ചോരക്കണ്ണൻ അസ്ഫക് ചുറ്റും നോക്കി ഇല്ല ആരും തന്നെയില്ല മറ്റു കുട്ടികൾ ഒളിച്ചുകളിക്കുന്നതിനിടെ  വീടിന്റെ പല ഭാഗങ്ങളിലേക്ക് മറഞ്ഞപ്പോൾ പാവം ചാന്ദിനി മോൾ മുറ്റത്ത് ഒറ്റക്കായി.

ചോരകണ്ണൻ അസ്ഫക് വായു വേഗത്തിൽ ചാന്ദിനി മോളെ ലക്ഷ്യം വച്ച് അവളുടെ ഒരു കൈ ദൂരത്തിലെത്തി.

തൊട്ടുമുന്നിൽ നിന്ന് ചിരിക്കുന്ന ആ സത്യത്തെ കണ്ട് ചാന്ദിനി മോൾ ഒരു നിമിഷം അറച്ചുനിന്നു കാണണം,
കീശയിൽ കിടന്ന മിഠായി വലിച്ചെടുത്ത് അസ്ഫക് ചന്ദ്നി മോളുടെ കൈകളിൽ വച്ച് കൊടുത്തു, മോൾക്കിനിയും ഇഷ്ടപ്പെട്ട മിഠായിയും മറ്റു സാധനങ്ങളും വാങ്ങിച്ചു തരാം എന്ന് പറഞ്ഞു അവളുടെ കൈപിടിച്ച് അവൻ പതിയെ വെളിയിലേക്ക് നടന്നു നീങ്ങി.

അസ്ഫകിന്ടെ ചോരക്കണ്ണുകൾക്ക് പിന്നിൽ കാമകണ്ണുകൾ ആണെന്ന് ആ പാവംകുഞ്ഞു മാലാഖ അറിഞ്ഞിരുന്നില്ല.

തന്റെ കുഞ്ഞു കൈത്തണ്ട പരുപരുത്ത കൈക്കുള്ളിൽ ഒതുക്കിയത് അവളുടെ അന്ധകൻ ആണെന്നും അവൾ അറിഞ്ഞിരുന്നില്ല.

ആ മാമൻ നൽകിയ മിട്ടായി കയ്യിൽ മുറുകെപ്പിടിച്ച് അവളാ മാമന്റെ ക്ഷമിക്കണം അങ്ങനെ പറയാൻ എനിക്ക് മനസ്സില്ല അവൾ ആ നാരാധമനോടൊപ്പം നടന്നു മറഞ്ഞു

അറിഞ്ഞില്ലല്ലോ പൈതൽ അറിഞ്ഞില്ലല്ലോ
നിഷ്കളങ്ക ബാല്യമേ നീ അറിഞ്ഞില്ലല്ലോ
കൊടിയ പീഡനവും ഒപ്പം മരണവാറണ്ടും
ചെകുത്താന്റെ കയ്യിലാണ് ഇന്ന് നിൻ ജീവൻ
ഒരു പൂ പറിക്കും ലാഘവത്തിൽ അവൻ നിൻ പ്രാണൻ
നുള്ളിയെറിയാൻ ഇടം തേടി ഇടവലം നോക്കി
ദൂരെയേതോ താവളത്തിൽ കൊണ്ടുപോകുന്നു.
സർവ്വേശ്വരന്മാരേ കാത്തുകൊള്ളണേ.

എട്ടും പൊട്ടും തിരിയാത്ത ആ കുഞ്ഞ് തന്റെ പിതാവിനെ പോലെയാണ് എല്ലാവരും എന്ന് കരുതി വെറുമൊരു മിഠായിക്ക് വേണ്ടിയുള്ള കൊതിയിൽ അവൻ നയിച്ച വഴിയിലൂടെ അവനൊപ്പം നടന്നു മറഞ്ഞു.

സമയം അന്ന് വൈകിട്ട് ആറു മണിയാകുന്നു, സർവ്വവിധ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലും പോലീസ് ഓഫീഷ്യൽ പേജുകളിലൂടെ പുറത്തുവിട്ട ആ വാർത്ത കാട്ടുതീ പോലെ പരക്കുകയായിരുന്നു.

ചാന്ദിനി എന്ന കുഞ്ഞുമകളെ കാണാനില്ലെന്ന ആ  നടുക്കുന്ന വാർത്ത ഈ പിക്ചർ മെസ്സേജ് വായിക്കുന്നവർ ഒരുപോലെ പ്രാർത്ഥിച്ചു കാണണം,ഈശ്വരാ ആ കുഞ്ഞിനേ ഒരാപത്തും കൂടാതെ തിരിച്ചുകിട്ടണേ എന്ന്

കുഞ്ഞു ചാന്ദിനി മോളെ തിരിച്ചുകിട്ടി എന്ന റിട്ടേൺ മെസേജിനായി ആളുകൾ ഫേസ്ബുക്കും, വാട്സ് ആപ്പും, ട്വിറ്ററും,ഇൻസ്റ്റാഗ്രാം തുടങ്ങി സകലവിധ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലും പലവട്ടം തിരഞ്ഞു മടുത്തിട്ടുണ്ടാവും.

ഒരിക്കൽ പോലും നേരിട്ട് കണ്ടിട്ടില്ലാത്ത ആ കുഞ്ഞിനുവേണ്ടി ലോകം കൈകോർത്തത് കാണാൻ ആ നിമിഷം ആ കുഞ്ഞ് ജീവനനോടെ ഉണ്ടായിരുന്നില്ലെന്ന സത്യം ഒരു പരമ സത്യമായിത്തന്നെ അവശേഷിച്ചു.



ഇരുളിന് കട്ടി കൂടിയതോടെ ചാന്ദിനി മോളുടെ വീട്ടിൽ അമ്മ നിലവിളിച്ചു തുടങ്ങി.

എവിടെപ്പോയി എന്റെ പൊന്നുമകൾ എന്തുപറ്റി എന്റെ പൊന്നുമകൾക്ക് അമ്മ പൊട്ടിക്കരഞ്ഞുകൊണ്ട് ചുറ്റും കൂടി നിന്നവരോട് കേണു തൊഴുതു അവിടെ കൂടിയവർ വാക്കുകൾ കിട്ടാതെ കുഴഞ്ഞുവലഞ്ഞു.

മജയ് കുമാർ എന്ന പിതാവ് വിങ്ങിപ്പൊട്ടലിന്റെ വക്കിലാണ്

ആണുങ്ങളായാൽ കരയാൻ പാടില്ല എന്നല്ലേ അലിഖിത നിയമം.

തന്റെ പൊന്നോമനയെ നേരം വെളുത്താൽ തിരിച്ചു കിട്ടുമെന്ന് അയാൾ ഉറച്ചു വിശ്വസിച്ചു,

അവൾ പിണങ്ങി എവിടെയോ മറഞ്ഞിരിക്കുകയാണെന്നയാൾ സ്വയം വിശ്വസിച്ചു,

മോളുടെ സഹോദരങ്ങൾ കുറ്റബോധത്തോടെ തല താഴ്ത്തി തന്നെ നിന്നു,

ഭാഷ ഒന്നും മനസ്സിലായില്ലെങ്കിലും പരിസരവാസികൾ അവരുടെ ദുഃഖത്തിൽ പങ്കുചേർന്നു

ആ രാത്രി അങ്ങനെ കടന്നുപോയി

പിറ്റേന്ന് രാവിലെ കേരള പോലീസ് വീണ്ടും ഓടിയെത്തി അവർ പലരെയും ചോദ്യം ചെയ്തു. ചുറ്റുവട്ടത്തുള്ള സിസിടിവി ക്യാമറകൾ ഒന്നൊഴിയാതെ അവർ പരിശോധിച്ചു ഒടുവിൽ അവർ കണ്ടെത്തി,

മോൾക്ക് ഇഷ്ടപ്പെട്ട മിഠായികളും മറ്റും നൽകി ഒരുവൻ അവളെ കൈപിടിച്ച് നടത്തിക്കൊണ്ടുപോകുന്നു,പോലീസിന്റെ അവസരോചിത അന്വേഷണത്തിനൊടുവിൽ മണിക്കൂറുകൾക്കകം അസ്ഫാഖ്ആലം പോലീസ് വലയിൽ വീണു അസ്ഫക് ആദ്യം കുറ്റം സമ്മതിച്ചില്ല പക്ഷേ കേരള പോലീസിന് മുന്നിൽ അവന് അധികം പിടിച്ചുനിൽക്കാനായില്ല ഒടുവിൽ കുറ്റം സമ്മതിച്ചു.

ആലുവ ബസ്സ്റ്റാൻഡിന് സമീപം മാർക്കറ്റിന് പിന്നിൽ ചെളി നിറഞ്ഞ ഒരു സ്ഥലത്ത് മുഖം വികൃതമാക്കപ്പെട്ട നിലയിൽ കുഞ്ഞുചന്ദ്നി മോളുടെ ശരീരം കണ്ടെടുക്കപ്പെട്ടു

കേരള പോലീസിന്റെ അന്വേഷണ ചരിത്രത്തിൽ വീണ്ടും ഒരു പൊൻതൂവൽ കൂടി 26 ദിവസം എന്ന റെക്കോർഡ് വേഗത്തിൽ പോലീസ് കേസ് പൂർത്തിയാക്കി നീതി പീഡനത്തിന് മുന്നിൽ സമർപ്പിച്ചു, വെറും 36 ദിവസം കൊണ്ട് കോടതി വിചാരണ പൂർത്തിയാക്കിയ അപൂർവങ്ങളിൽ അപൂർവ്വമായ കേസ്,

ആ കേസ്സിന്റെ വിധി പറയുന്ന ദിവസം വന്നെത്തി. 100 ദിവസങ്ങൾക്കു മുന്നേ ജയിലിലേക്ക് പോയ രൂപ മായിരുന്നില്ല അസ്ഫകിനു

സുമുഖനായിരിക്കുന്നു ഒരു കുഞ്ഞു ജീവൻ പിച്ചിചീന്തി തല്ലികെടുത്തിയെന്ന യാതൊരു കുറ്റബോധവും ഇല്ലാതെ അവൻ പ്രതിക്കൂട്ടിൽ കയറി നിന്നു.

ഗോവിന്ദച്ചാമി ഉൾപ്പെടെ തന്റെ മുൻഗാമികൾ അനായാസം രക്ഷപ്പെട്ട വിവരം അവൻ അറിഞ്ഞു കാണണം,

മനുഷ്യജീവനുകൾക്കും ബന്ധങ്ങൾക്ക് അപ്പുറം പണവും പ്രശസ്തിയും മാത്രം ലക്ഷ്യം വച്ച് മുന്നിട്ടിറങ്ങുന്ന ചില കറുത്ത മനസ്സുകാരായ കറുത്ത കോട്ടുകാരു ള്ളപ്പോൾ എളിയിൽ പണം വെച്ച് വേണമെങ്കിൽ ഒന്നോ രണ്ടോ കൊല നടത്തി കളയാമെന്ന് ആളുകൾ ചിന്തിക്കാതിരിക്കില്ല.



കൊല നടന്നിട്ട് ഇന്നേക്ക് നൂറാം ദിവസം വിധി പറയുന്ന ഇന്നേ ദിവസത്തിന് മറ്റൊരു പ്രത്യേകത കൂടിയുണ്ട് ഇന്ന് ശിശുദിനമാണ് കുഞ്ഞുങ്ങളെ ജീവനുതുല്യം സ്നേഹിച്ച ചാച്ചാജിയുടെ ജന്മദിനം നിമിഷങ്ങൾക്കകം കോടതി വിധി പറയും

ആ നരാധമൻ അസ്ഫക്കിനെ പോലീസ് അകമ്പടിയോടെ കോടതിയിലേക്ക് ആനയിക്കപ്പെട്ടപ്പോൾ ജനങ്ങളുടെ രോഷം ഒന്ന് കാണേണ്ടതായിരുന്നു

" ഒരു ഉറുമ്പിനെ പോലും നോവിക്കാത്ത ആ കുഞ്ഞിനെ നീ കൊന്നില്ലേടാ"

"നീ എന്റെ മുന്നിലേക്ക് വാ നിന്നെ ഞാൻ വെട്ടി നുറുക്കി തരാം. ഇറച്ചി നോവുന്നതിന്റെ വേദന നീയും അറിയണം"

"നീ പുഴുത്തു ചാകും "

എന്നിങ്ങനെ ശാപവാക്കുകളോടെ ജനങ്ങൾ ഇരച്ചു കയറി പോലീസ് ഒരു വിധത്തിൽ അവരെ നിയന്ത്രിച്ചു.

നിമിഷങ്ങൾ അടർന്നുവീണു കോടതിയിൽ ജഡ്ജിയുടെ കൊട്ടുവടി മേശയ്ക്ക് മേൽ മൂന്നുവട്ടം പതിച്ചു സദയും പരിസരവും നിശ്ചലം

ചാന്ദിനി എന്ന അഞ്ചുവയസ്സുകാരി ബീഹാറി ബാലികയെ അരുംകൊല നടത്തിയ ബീഹാറി സ്വദേശി അസ്ഫാഖ് ആലത്തിന് പരമോന്നത നീതിപീഠം മരണം വരെ തൂക്കു വിധിച്ചിരിക്കുന്നു" ജനങ്ങൾ തുള്ളിച്ചാടി പലരും സ്വയം നീതി കിട്ടി എന്നപോലെ ദീർഘമായി നിശ്വസിച്ചു പെൺകുഞ്ഞുങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനും പ്രാമുഖ്യം നൽകുന്ന നമ്മുടെ രാജ്യത്ത് കുഞ്ഞു ചന്ദ്നി എന്നപോലെ ഇതിനുമുൻപും ശേഷവും പല അരാജകത്വങ്ങളും നടന്നിട്ടുണ്ട് സ്ത്രീകളെ ബഹുമാനിക്കേണ്ടതിനും അവർ അർഹിക്കുന്ന മാന്യത നൽകേണ്ടതിനും പുതുതലമുറയെ നമ്മൾ സജ്ജരാക്കണ്ടേ അവരെ സദാചാരം പഠിപ്പിക്കേണ്ടെ ഇല്ലെങ്കിൽ ഇതുപോലെ പല അത്യാഹിതങ്ങളും സംഭവിക്കും.

അസ്ഫക് ആലത്തെപോലെ

ഇതിനുമുമ്പ് നടത്തിയ നീതി നിഷേധങ്ങൾക്കുള്ള കുറഞ്ഞ ശിക്ഷകൾകണ്ടിട്ടും ഭയമില്ലാഞ്ഞിട്ടല്ലേ വീണ്ടും വീണ്ടും ആളുകൾ കുഞ്ഞു മക്കൾക്കു നേരെ തെറ്റുകൾക്ക് മുതിരുന്നത്.

പ്ൂജകൾ കിടുകിടെ വിറക്കുന്ന നിയമം വരണം. ഇതുപോലെ തന്റെടത്തോടെയുള്ള വിധിപ്രസ്ഥാവം വരണം

എന്നാലും ആ കോടതിവിധി ആ മാതാവിനും പിതാവിനും ഒരു ഇളക്കവും വരുത്തിയിരുന്നില്ല അവർക്ക് നഷ്ടപ്പെട്ടത് നഷ്ടം തന്നെയല്ലേ തീരാനഷ്ടം,

ആ അമ്മയുടെ കണ്ണീരുറവ വറ്റാത്തകണ്ണിൽ നിന്നും അപ്പോഴും കണ്ണീർ ചാലിട്ടൊഴുകുന്നുണ്ടായിരുന്നു തന്റെ കുഞ്ഞുമകൾ ഇല്ലാത്ത 100 ദിവസങ്ങൾ കടന്നുപോയിരിക്കുന്നു.





ശങ്കർ വിജേഷ്. കെ

# ചിത്രങ്ങൾ

## സംസ്ഥാന ടെക്നിക്കൽ സ്കൂൾ കലോത്സവം








## ചിത്രങ്ങൾ
## സംസ്ഥാന ടെക്നിക്കൽ സ്കൂൾ കായിക മേള

















# എഡിറ്റോറിയൽ

പ്രിയപ്പെട്ട വിദ്യാർത്ഥികളെ,

വിദ്യാഭ്യാസം വെറും പുസ്തകങ്ങളിൽ ഒതുങ്ങുന്ന ഒന്നല്ല. പുതിയ കാര്യങ്ങൾ പഠിക്കാനും, സ്വയം മെച്ചപ്പെടുത്താനും, ലോകത്തെ അറിയാനും ഉള്ള ഒരു യാത്രയാണ്. നിങ്ങളുടെ കഴിവുകളിൽ വിശ്വസിക്കുക, കഠിനാധ്വാനം ചെയ്യുക, സ്വപ്നം കാണാൻ മടിക്കരുത്. പഠനം ഒരു ഭാരമായി കാണാതെ, സന്തോഷത്തോടെ അറിവ് നേടാനുള്ള ഒരു അവസരമായി കാണുക. നിങ്ങളുടെ ജിജ്ഞാസ നിലനിർത്തുക, ചോദ്യങ്ങൾ ചോദിക്കുക, പുതിയ കാര്യങ്ങൾ കണ്ടെത്തുക. നിങ്ങളുടെ സ്വപ്നങ്ങളെ പിന്തുടരുക. ഓരോ ദിവസവും പുതിയ എന്തെങ്കിലും പഠിക്കാനുള്ള അവസരമാണ്. നിങ്ങളുടെ ഭാവിക്കായി എല്ലാ ആശംസകളും!


സാങ്കേതികവിദ്യ നമ്മുടെ ചുറ്റുമുള്ള ലോകത്തെ അതിവേഗം മാറ്റിക്കൊണ്ടിരിക്കുകയാണ്, AI അതിന്റെ മുൻനിരയിലാണ്. ഈ മുന്നേറ്റങ്ങളെ ഭയപ്പെടുന്നതിനുപകരം, പഠനത്തിനും വളർച്ചയ്ക്കുമുള്ള ശക്തമായ ഉപകരണങ്ങളായി നമുക്ക് അവയെ സ്വീകരിക്കാം. ഈ സന്ദേശം പോലും AI യുടെ സഹായത്തോടെ സൃഷ്ടിച്ചതാണ്, അതിന്റെ സാധ്യത തെളിയിക്കുന്നു. അറിവിന്റെ പുതിയ അതിരുകൾ പര്യവേക്ഷണം ചെയ്യാനും മികച്ച ഒരു ഭാവി സൃഷ്ടിക്കാനും ഈ ഉപകരണങ്ങൾ നമുക്ക് വിവേകപൂർവ്വം ഉപയോഗിക്കാം.

ഈ മാഗസിൻ പൂർണ്ണതയിൽ എത്താൻ സഹായിച്ച എല്ലാ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും നന്ദി.

സ്നേഹത്തോടെ,



ഷഫീർ ഇ
കൈറ്റ് മാസ്റ്റർ



# ഈ മാഗസിന് ജീവൻ നൽകിയവർ

ADHIDEV D

9 A

2023-2026





ACHAL KRISHNA P

9 A

2023-2026

AMRUTH RAJ A

9 A

2023-2026





ചിത്രം പകർത്തിയത് സൗരവ്